DESPATCHED
On...10/03/22

5/3/22

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
## തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

ഹർജി നമ്പർ **AP. 2944*(7)/2014*/***എസ്.ഐ.സി***

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം

(ഫയൽ നമ്പർ **18099**/*എസ്.ഐ.സി-ജി 6/2014)*

സന്നിഹിതൻ

ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ

ശ്രീ. പി.എൻ.കുഞ്ഞിക്കണ്ണൻ മാസ്റ്റർ,
മാടമ്പാറ,
കൂനിശ്ശേരി പി.ഒ.,
പാലക്കാട് – 678 681. } അപ്പീൽ ഹർജിക്കാരൻ

**Vs**

1. സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ&
അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്,
വിദ്യാഭ്യാസ ഉപഡയറക്ടർ ഓഫീസ്,
പാലക്കാട്.

2. അപ്പീൽ അധികാരി&
വിദ്യാഭ്യാസ ഉപഡയറക്ടർ,
വിദ്യാഭ്യാസ ഉപഡയറക്ടറുടെ കാര്യാലയം,
പാലക്കാട്.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 10.07.2014 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 11.08.2014 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 04.09.2014 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | - |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 19.11.2014 |
| കമ്മീഷനിൽ അപ്പീൽ കൈപ്പറ്റിയ തീയതി | 20.11.2014 |
| ഹിയറിംഗ് നടന്ന തീയതി | 01.02.2022, ഓഡിയോ ഹിയറിംഗ് |
| ഹിയറിംഗിലെ സാന്നിദ്ധ്യം: അപ്പീൽ ഹർജിക്കാരൻ | ഹാജരായിരുന്നു |
| എസ്.പി.ഐ.ഒ. | ഹാജരായിരുന്നു |

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 19(3) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരനായ ശ്രീ. പി.എൻ.കുഞ്ഞിക്കണ്ണൻ മാസ്റ്റർ 19.11.14ന് സമർപ്പിച്ച അപ്പീൽ ഹർജി 20.11.2014ന് കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് AP.No.2944(7)/14/SIC ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്കും തുടർന്ന് സമർപ്പിച്ച ഒന്നാം അപ്പീലിനും യാതൊരു മറുപടിയും ലഭിച്ചില്ലെന്നും ടിയാന് മറുപടി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നുമാണ്.

3. അപ്പീൽ ഹർജിക്കാരൻ 10.07.2014ന് ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്ക് 11.8.2014ന് നൽകിയ മറുപടിയിൽ പ്രസ്താവിച്ചിരിക്കുന്നത്, ഹർജിക്കാരൻ ആവശ്യപ്പെട്ട രീതിയിൽ വിവരം ലഭ്യമാക്കുന്നതിന് അദ്ധ്യാപകന്റെ നിലവിലെ തസ്തിക, ജോലി ചെയ്യുന്ന വിദ്യാലയം, എന്നിവ വ്യക്തമല്ലാത്തതിനാൽ ജില്ലയിലെ എല്ലാ ഗവ.ഹൈസ്കൂൾ പ്രധാനാധ്യാപകർക്കും ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും അപേക്ഷയുടെ പകർപ്പ് നൽകി ടിയാന് മറുപടി ലഭ്യമാക്കുന്നതിന് ചുമതലപ്പെടുത്തിയിട്ടുണ്ടെന്നാണ്. ടി മറുപടിയിൽ അതൃപ്തി രേഖപ്പെടുത്തി ടിയാൻ 04.09.2014ന് ഒന്നാം അപ്പീൽ സമർപ്പിച്ചതായും കാണുന്നു.

4. 23.12.2014ന് രണ്ടാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നത്, ഹർജിക്കാരന്റെ 10.07.2014ലെ പരാതി 31.07.2014ന് ടി ഓഫീസിൽ ലഭിക്കുകയും ആവശ്യപ്പെട്ട വിവരങ്ങൾ ടി കാര്യാലയത്തിൽ നേരിട്ട് ലഭ്യമല്ലാത്തതിനാലും, പരാതിയിൽ വിവരങ്ങൾ ആവശ്യപ്പെട്ട അദ്ധ്യാപകൻ ഏത് വിദ്യാലയത്തിലാണ് ജോലി ചെയ്യുന്നതെന്നുള്ള വിവരം അപേക്ഷയിൽ നിന്ന് ലഭ്യമല്ലാത്തതിനാലും, ജില്ലയിലെ ഗവ. ഹൈസ്കൂൾ പ്രധാനാദ്ധ്യാപകർക്കും, ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും പരാതിയുടെ പകർപ്പ് നൽകി ഹർജിക്കാരന് നേരിട്ട് വിവരം

നൽകുന്നതിന് നിർദ്ദേശിക്കുകയും ടി വിവരം ഹർജിക്കാരനെ 11.08.2014ലെ കത്തു പ്രകാരം അറിയിച്ചുവെന്നുമാണ്. 04.09.2014ന് ടിയാൻ സമർപ്പിച്ചതായി പറയുന്ന അപ്പീൽ ഹർജി ടി കാര്യാലയത്തിൽ ലഭിച്ചതായി കാണുന്നില്ലെന്നും ടി കാര്യാലയത്തിൽ ലഭിച്ച പരാതിയിൽ സമയബന്ധിതമായി മറുപടി നൽകാൻ ടി കാര്യാലയത്തിനു കഴിഞ്ഞിട്ടുണ്ടെന്നും ഹർജിക്കാരൻ ആവശ്യപ്പെട്ട രേഖകൾ (അറ്റന്റൻസ് രജിസ്റ്റർ, ലീവ് അപേക്ഷകൾ, ഡ്യൂട്ടി സർട്ടിഫിക്കറ്റുകൾ എന്നിവയുടെ പകർപ്പുകൾ) ടി കാര്യാലയത്തിൽ ലഭ്യമായതല്ലാത്തതിനാൽ സാക്ഷ്യപ്പെടുത്തി നൽകുവാൻ കഴിഞ്ഞില്ലെന്നും ടി രേഖകൾ നൽകുന്നതിന് പ്രധാനാദ്ധ്യാപകരെയും ഉപജില്ലാവിദ്യാഭ്യാസ ഓഫീസർമാരെയും ചുമതലപ്പെടുത്തിയിരുന്നുവെന്നുമാണ്. കൂടാതെ ടി വിഷയത്തിൽ എസ്.പി.ഐ.ഒ.യുടെയോ അപ്പീൽ അധികാരിയുടേയോ ഭാഗത്ത് യാതൊരു അലംഭാവവും ഉണ്ടായിട്ടില്ലെന്നുമാണ് അറിയിച്ചത്. ഹർജിക്കാരൻ 06.03.2014ൽ സമർപ്പിച്ച അപേക്ഷയിൽ ശ്രീ.കെ.എൻ.ശ്രീനിവാസൻ, ജി.യു.പി.എസ്. കണ്ണമ്പുള്ളി, ജി.എസ്.എം.വി.എച്ച്.എസ്. തത്തമംഗലം എന്നിവിടങ്ങളിൽ ജോലി ചെയ്തിരുന്നതായി പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ ടി വിദ്യാലയങ്ങളിലെ പ്രധാനാദ്ധ്യാപകരോട് ആവശ്യപ്പെട്ട വിവരങ്ങൾ ഹർജിക്കാരന് നേരിട്ട് ലഭ്യമാക്കുന്നതിന് 14.03.2014ലെ കത്തു മുഖേന നിർദ്ദേശിക്കുകയും ടി വിവരം ഹർജിക്കാരനെ അറിയിക്കുകയും ചെയ്തുവെന്നുമാണ്. എന്നാൽ ജി.യു.പി.എസ്. കണ്ണമ്പുള്ളിയിലേയ്ക്ക് അയച്ച കത്ത് മേൽവിലാസത്തിൽ വന്ന പിശക് മൂലം തിരിച്ചുവരികയും (08.04.2014ന്) വീണ്ടും യഥാർത്ഥ മേൽവിലാസക്കാരന് നൽകുകയും 20.05.2014ന് ബന്ധപ്പെട്ട പ്രധാനാദ്ധ്യാപകൻ ഹർജിക്കാരനെ നേരിട്ട് അറിയിച്ചതായും ജി.എസ്.എം.എച്ച്.എസ്. തത്തമംഗലം പ്രധാനാദ്ധ്യാപകൻ 01.04.2014ലെ കത്തു പ്രകാരവും വിവരം നൽകിയിട്ടുണ്ടെന്നുമാണ്. 17.04.2014ലെ അപ്പീൽ ഹർജി ഇ.മെയിൽ മുഖേനയാണ് സമർപ്പിച്ചതെന്നും ആയത് 19.05.2014നാണ് ടി കാര്യാലയത്തിൽ ലഭിച്ചതെന്നും ബന്ധപ്പെട്ട വിദ്യാലയങ്ങളിൽ നിന്നും ലഭിച്ച കത്തുകളുടെ പകർപ്പുകൾ ഹർജിക്കാരന് 06.06.2014ലെ കത്തു പ്രകാരം നൽകിയെന്നുമാണ്. കൂടാതെ ഹർജിക്കാരൻ ഓരോ തവണയും ആവശ്യപ്പെട്ട വിവരങ്ങൾ ടി കാര്യാലയത്തിൽ നേരിട്ട്

ലഭ്യമായവ ആയിരുന്നില്ലെന്നും ശ്രീ.കെ.എൻ.ശ്രീനിവാസൻ എന്ന അദ്ധ്യാപകനെ സംബന്ധിച്ച വിവരങ്ങൾ ആരായുമ്പോൾ അദ്ദേഹം ഏത് വിദ്യാലയത്തിൽ ജോലി ചെയ്യുന്ന ആളാണ് എന്നുള്ള വിവരം വ്യക്തമായി അപേക്ഷയിൽ രേഖപ്പെടുത്തിയിട്ടില്ലെന്നുമാണ് അറിയിച്ചത്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും ഇരു കക്ഷികളെയും കേട്ടതിലും ഹർജിക്കാരന്റെ അപേക്ഷയ്ക്ക് മറുപടി നൽകിയിട്ടുണ്ടെന്ന് ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു. എന്നാൽ ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമായില്ലെന്നാണ് ടിയാന്റെ കമ്മീഷൻ മുമ്പാകെയുള്ള ആക്ഷേപം. മൊഴിയും അനുബന്ധരേഖകളും പരിശോധിച്ചതിൽ, പ്രസ്തുത വിഷയം സംബന്ധിച്ച റിപ്പോർട്ട് കമ്മീഷനിൽ സമർപ്പിക്കണമെന്ന് ഒന്നാം എതിർകക്ഷിയ്ക്ക് നിർദ്ദേശം നൽകിയതു പ്രകാരം 16.02.2022ന് സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നത്, ഹർജിക്കാരന്റെ 10.07.2014ലെ അപേക്ഷയിൽ ശ്രീ.കെ.എൻ.ശ്രീനിവാസൻ എന്ന അധ്യാപകന്റെ വിവരങ്ങളാണ് ആവശ്യപ്പെട്ടിരുന്നതെന്നും ടി അധ്യാപകൻ ജോലി ചെയ്യുന്ന സ്കൂൾ, തസ്തിക എന്നിവ അപേക്ഷയിൽ കൃത്യമായി സൂചിപ്പിച്ചിട്ടില്ലെന്നും ആയതിനാൽ സ്പാർക്കിൽ നിന്നും ലഭ്യമായ **EMPLOYEE REPORT** പരിശോധിച്ചതിൽ നിന്നും "കെ.എൻ.ശ്രീനിവാസൻ " എന്ന പേരിൽ ഒരു അധ്യാപകൻ നിലവിൽ ടി ഓഫീസിന്റെ കീഴിൽ ജോലി ചെയ്തു വരുന്നില്ലെന്നും ടി വിവരം ഹർജിക്കാരനെ അറിയിച്ചിട്ടുണ്ടെന്നുമാണ്. പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഈ അപ്പീൽ ഹർജിയിന്മേൽ തുടർ നടപടികൾ അവസാനിപ്പിച്ച് ഇന്നേദിവസം 2022 മാർച്ച് 05-ാം തീയതി കമ്മീഷൻ ഉത്തരവാകുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)